20 ഏപ്രിൽ 2026
വാല്യം. 36
ലക്കം. 07

# മരുപ്പച്ച
സമകാലിക പത്രിക

maruppacha@yahoo.com
www.maruppacha.com
Published from Thiruvalla on 20-04-2026

MEMBER: NEWS PAPERS ASSOCIATION OF INDIA
വില ₹ 10.00

## രാജസ്ഥാനിൽ ക്രിസ്ത്യൻ സ്കൂളിന്റെ അംഗീകാരം റദ്ദാക്കി

**ജയ്പുർ:** മതപരിവർത്തനം ആരോപിച്ച് ക്രൈസ്തവ സ്കൂളിന്റെ അംഗീകാരം റദ്ദുചെയ്തു. കുട്ടികളെ ക്രിസ്തുവിശ്വാസത്തിലേക്ക് ആകർഷിക്കുന്ന വിധത്തിൽ ബ്രെയിൻ വാഷിംഗ് നടത്തുന്നുവെന്ന് ആരോപിച്ചാണ് രാജസ്ഥാനിൽ ക്രിസ്ത്യൻ സ്കൂളിന്റെ അംഗീകാരം റദ്ദാക്കിയത്. ദുംഗാപുർ ജില്ലയിലെ പാട്ടെല സെന്റ് പോൾ സ്കൂളിന്റെ പ്രവർത്തനാനുമതിയാണു സംസ്ഥാന വിദ്യാഭ്യാസവകുപ്പ് റദ്ദാക്കിയത്.

കഴിഞ്ഞ വർഷം സെപ്റ്റംബർ മാസത്തിൽ രാജസ്ഥാൻ സർക്കാർ നിർബന്ധിത മതപരിവർത്തന നിരോധന നിയമം കൊണ്ടുവന്ന സമയത്തു സ്കൂളിനെതിരേ പ്രതിഷേധവുമായി ചില തീവ്ര ഹിന്ദുത്വ സംഘടനകൾ രംഗത്തുവന്നിരുന്നു. ഇതേത്തുടർന്ന് വിദ്യാഭ്യാസവകുപ്പ് അന്വേഷണം പ്രഖ്യാപിക്കുകയായിരുന്നു.

കുട്ടികളെ പ്രലോഭിപ്പിച്ചും സമ്മർദം ചെലുത്തിയും യേശുവിനോട് പ്രാർഥിക്കാൻ നിർബന്ധിക്കുന്നുവെന്നായിരുന്നു ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഏകപക്ഷീയമായ റിപ്പോർട്ട്. അടിസ്ഥാനരഹിതമായ ഈ റിപ്പോർട്ടിനെതിരെ പ്രതിഷേധം ഉയർന്നിരുന്നു.

കൂടാതെ നേരത്തേ സ്കൂൾ ഹോസ്റ്റലിൽ നൽകുന്ന ഭക്ഷണത്തിൽ പ്രാണികളെ കണ്ടെത്തിയെന്നും കുട്ടികൾക്കു മതിയായ ചികിത്സ നൽകിയില്ലെന്നും ആരോപിച്ച് 230ഓളം കുട്ടികൾ താമസിച്ചിരുന്ന ഹോസ്റ്റൽ അടച്ചുപൂട്ടുകയും ചെയ്തിരുന്നു.

ഈ വിഷയങ്ങളിൽ 2025 ഡിസംബർ 17ന് സ്കൂളിന് നോട്ടീസ് നൽകി. 2026 ജനുവരി ഒന്നിന് നോട്ടീസിന് മറുപടിയും നൽകി.

എന്നാൽ, വിശദീകരണം തൃപ്തികരമല്ലെന്നായിരുന്നു വിദ്യാഭ്യാസവകുപ്പിന്റെ വാദം.

ഇതിനുപിന്നാലെയാണ് ഒന്നുമുതൽ എട്ടാം ക്ലാസ് വരെയുള്ള ക്ലാസുകളുടെ പ്രവർത്തനാനുമതി റദ്ദാക്കി കഴിഞ്ഞദിവസം ജില്ലാ വിദ്യാഭ്യാസ വകുപ്പ് ഉത്തരവിറക്കിയത്. ക്രൈസ്തവ സ്കൂളിനോടുള്ള അധികൃതരുടെ എതിർപ്പുമൂലം മുന്നൂറിലധികം കുട്ടികളുടെ വിദ്യാഭ്യാസം പ്രതിസന്ധിയിലായിരിക്കുകയാണ്.

അടുത്ത അധ്യയനവർഷം ഈ വിദ്യാർഥികൾ മറ്റു സ്കൂളുകളിലേക്കു മാറണമെന്നാണ് അധികൃതരുടെ നിർദേശം.

## 'മിഷണറിമാർ ദേശവിരുദ്ധർ'

### ഭീകരവാദത്തിലേക്ക് നയിക്കുന്നവർ: ആർഎസ്എസ് മുഖപത്രം




**കോട്ടയം:** ക്രൈസ്തവർക്കെതിരെ കേരളത്തിലും വർഗീയവികാരം സൃഷ്ടിക്കാൻ കോപ്പുകൂട്ടി ആർഎസ്എസ് മുഖവാരികയായ 'കേസരി'യുടെ വർഗ്ഗീയ ലേഖനം. ഹിന്ദു ഐക്യവേദി സംസ്ഥാന വൈസ് പ്രസിഡന്റ് ഇ. എസ്. ബിജു എഴുതിയ ലേഖനത്തിലാണ് ക്രൈസ്തവർക്ക് നേരെ വർഗ്ഗീയ വിദ്വേഷം തുപ്പുന്ന ഭാഗങ്ങളുള്ളത്. മിഷണറിമാർ ദേശവിരുദ്ധവും വിഘടനവാദപരമായ ചിന്തയെ വളർത്തി സായുധ ഭീകരവാദത്തിലേക്ക് നയിക്കുകയാണെന്നും മറ്റുമായി നിരവധി വിഷലിപ്തമായ പരാമർശങ്ങളാണ് ലേഖനത്തിൽ ഉടനീളമുള്ളത്.

'ലോകത്ത് നിർണായക സ്വാധീനം ചെലുത്തിയിരുന്ന ക്രൈസ്തവ മതം രാജ്യങ്ങളിലെ സംസ്കൃതിയെ തകർത്തു'വെന്നുമുള്ള വിചിത്ര ആരോപണം ലേഖനത്തിൽ ഉന്നയിക്കുന്നുണ്ട്. ക്രൈസ്തവർ രാജ്യത്ത് മതസ്പർധ വളർത്താൻ ശ്രമിക്കുന്നെന്നും ഭരണഘടനയെ ചോദ്യംചെയ്യുന്നെന്നുമുള്ള ഗുരുതരമായ ആരോപണമാണ് യാതൊരടിസ്ഥാനവുമില്ലാതെ ലേഖനത്തിൽ ഉന്നയിക്കുന്നത്. മിസോറാം, ഒഡിഷ, നാഗാലാൻഡ്, അരുണാചൽ പ്രദേശ്, ജാർഖണ്ഡ്, ഛത്തീസ്ഗഡ് സംസ്ഥാനങ്ങളിൽ സായുധ കലാപത്തിന് മിഷണറിമാർ അതിവിപ്ലവ പ്രസ്ഥാനങ്ങളെ വിലക്കെടുത്തുവെന്നും ലേഖനത്തിൽ ആരോപിക്കുന്നു.

കേരളത്തിലും വിവിധ മാർഗങ്ങളിലൂടെ നടത്തുന്ന മതപരിവർത്തന ശ്രമങ്ങൾ സർവസീമകളും ലംഘിച്ച് മുന്നേറുകയാണെന്ന് ലേഖനത്തിൽ പറയുന്നു. ഹെർമൻ ഗുണ്ടർട്ട് മലയാള നിഘണ്ടു ഉണ്ടാക്കിയത് മതപരിവർത്തനം ത്വരിതപ്പെടുത്താനായിരുന്നുവെന്നും ആർഎസ്എസ് വാരികയിലെ ലേഖനത്തിൽ പറയുന്നുണ്ട്. 'പുറമെ ക്രൈസ്തവരോട് സ്നേഹം' കാണിക്കലും അകത്തു വർഗീയവിഷവുംവെച്ചുള്ള സംഘപരിവാർ നേതൃത്വത്തിന്റെ വിദ്വേഷമുഖത്തിന്റെ പ്രകടമായ തെളിവായാണ് ഈ ലേഖനത്തെ പൊതുവേ വിലയിരുത്തുന്നത്.

ഇതാദ്യമായല്ല ആർഎസ്എസ് മാസിക ക്രൈസ്തവർക്ക് നേരെ വിദ്വേഷ പരാമർശങ്ങളുമായി വിഷം ചീറ്റുന്ന ലേഖനം പ്രസിദ്ധീകരിക്കുന്നത്. ഭാരതത്തിലെ ആദ്യ അത്മായ രക്തസാക്ഷിയായ വിശുദ്ധ ദേവസഹായം പിള്ളയേയും കത്തോലിക്ക സഭയെയും അവഹേളിക്കുന്ന രീതിയിലുള്ള ലേഖനം 'കേസരി'യിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതിനെതിരെ കെസിവൈഎം, കത്തോലിക്ക കോൺഗ്രസ് ഉൾപ്പെടെയുള്ള വിവിധ സാമുദായിക സംഘടനകൾ ശക്തമായ രീതിയിൽ രംഗത്തുവന്നിരിന്നു. ഇതിന് സമാനമായ വിധത്തിൽ കേസരിയുടെയും സംഘപരിവാറിന്റെയും യഥാർത്ഥ മുഖം തുറന്നുകാട്ടുവാൻ ക്രൈസ്തവ സംഘടനകൾ രംഗത്ത് വരണമെന്നാണ് പൊതുവേ ഉയരുന്ന ആവശ്യം.

## മധ്യപ്രദേശിൽ പാസ്റ്റർമാരെ അറസ്റ്റു ചെയ്തു

**മധ്യപ്രദേശ്, ഗുണ:** ആദിവാസി വിഭാഗത്തിലുള്ളവരെ മതപരിവർത്തനം ചെയ്യുന്നുവെന്ന ആരോപണത്തെ തുടർന്ന് മധ്യപ്രദേശിലെ ഗുണ ജില്ലയിലെ മോഹൻപൂർ ഖുർദ് ഗ്രാമത്തിൽ നിന്നുള്ള രണ്ട് പാസ്റ്റർമാരായ ഉത്തം ബരേല, വികാസ് ബരേല എന്നിവരെ പോലീസ് അറസ്റ്റ് ചെയ്തു.

തീവ്രഹിന്ദുത്വ സംഘടനയായ ബജ്റംഗ് ദളിലെ അംഗത്തിന്റെ പരാതിയെത്തുടർന്നാണ് നടപടി സ്വീകരിച്ചതെന്ന് പോലീസ് പറഞ്ഞു. അറസ്റ്റിന് മുമ്പ് പ്രാഥമിക അന്വേഷണം നടത്തിയതായി സൂചനയുണ്ട്. എഫ്.ഐ.ആർ. രജിസ്റ്റർ ചെയ്തു.



കാൻസർ ഉൾപ്പെടെയുള്ള ഗുരുതരമായ രോഗങ്ങൾ ക്രിസ്തുമതത്തിലുള്ള വിശ്വാസത്തിലൂടെ ഭേദമാക്കാമെന്ന് അവകാശപ്പെട്ട് പാസ്റ്റർമാർ ഒരു സമ്മേളനം സംഘടിപ്പിച്ചതായും ആദിവാസി സമൂഹങ്ങളെ മതം മാറ്റാൻ പ്രേരിപ്പിക്കുന്നതിനായി ചികിത്സയ്ക്കും മറ്റ് ആവശ്യങ്ങൾക്കുമായി സാമ്പത്തിക സഹായം വാഗ്ദാനം ചെയ്തതായും പരാതിയിൽ ആരോപിക്കുന്നു. രോഗശാന്തിയിലൂടെ പരിവർത്തനം നടത്തുന്നു എന്നും യോഗങ്ങളിൽ മാംസം വിതരണം ചെയ്തു എന്നും പരാതിയിലുണ്ട്. മതം മാറാൻ വിസമ്മതിച്ചവരെ തുടർന്നും പീഡിപ്പിക്കുമെന്ന് ഭീഷണിപ്പെടുത്തിയതായും എഫ്ഐആറിൽ പറയുന്നു. ആരാധനയും പ്രാർത്ഥനയും നടത്തുന്ന പാസ്റ്റർമാർക്കെതിരെ ഉത്തരേന്ത്യയിൽ വ്യാജമതപരിവർത്തന പരാതികൾ നൽകി അറസ്റ്റു ചെയ്യുന്ന രീതി വ്യാപകമാണ്.

**മരുപ്പച്ച വാട്ട്സ് ആപ്പിൽ ലഭിക്കും**

മരുപ്പച്ച പത്രത്തിന്റെ പിഡിഎഫ് വാട്സാപ്പിൽ ലഭ്യമാണ്. നിങ്ങൾക്ക് ലഭിക്കുന്ന മരുപ്പച്ചയുടെ പിഡിഎഫ് സുഹൃത്തുക്കൾക്ക് അയച്ചു കൊടുത്ത് ഈ ശുശ്രൂഷയിൽ സഹകരിക്കുക. മരുപ്പച്ചയുടെ പിഡിഎഫ് സൗജന്യമായി ലഭിക്കുവാൻ ആവശ്യപ്പെടുക. 9961720195

## ദേശീയ ക്രിസ്ത്യൻ ക്ഷേമബോർഡിന് കേന്ദ്രനീക്കം

**കൊല്ലം:** ദേശീയതലത്തിൽ ക്രിസ്ത്യൻ ക്ഷേമ ബോർഡ് രൂപവത്കരിക്കാൻ കേന്ദ്ര സർക്കാർ നീക്കം. ക്രൈസ്തവർക്ക് സൂക്ഷ്മ ന്യൂനപക്ഷപദവി നൽകുന്നതിന്റെ ഭാഗമായാണിത്. സംസ്ഥാന സർക്കാർ പ്രതിനിധികളടങ്ങുന്ന അർധ ജുഡീഷ്യൽ അധികാരമുള്ള ക്ഷേമ ബോർഡാണ് ഉദ്ദേശിക്കുന്നത്. ഇതു സംബന്ധിച്ച് വിവിധ ക്രൈസ്തവ വിഭാഗങ്ങളിൽനിന്ന് സംഘപരിവാർ ബന്ധമുള്ള എൻ.ജി.ഒ. വിവരങ്ങൾ ആരാഞ്ഞിരുന്നു. ഇത് റിപ്പോർട്ടായി സർക്കാരിന് സമർപ്പിക്കുമെന്നാണ് വിവരം.

ആചാരങ്ങൾ കാരണം അവകാശലംഘനം നേരിടുന്ന ക്രിസ്ത്യാനികൾക്ക് മൗലികാവകാശങ്ങൾ ഉറപ്പാക്കുക, വിവാഹം, ശവസംസ്കാരം, മിശ്രമത വിവാഹിതരായ ദമ്പതിമാരുടെ കുട്ടികൾക്ക് മതം തിരഞ്ഞെടുക്കാനുള്ള അവകാശം, ഉപാധികളില്ലാതെ ആരാധന നടത്താനുള്ള അവകാശം എന്നിവ ഉറപ്പാക്കുകയാണ് ലക്ഷ്യം. വിദേശ സംഭാവ

(ശേഷം പേജ് 6)


## കൊച്ചുപ്പാപ്പൻ

പി.സി. ജോർജ് വായ് പോയ കോടാലിയാണ്.
കന്യാസ്ത്രീകളെ മോചിപ്പിച്ചത് താനാണെന്ന് ഷോൺ ജോർജ് അവകാശപ്പെടുന്നു.
ബിജെപിയുടെ പൊലിസ് അല്ലെ അവരെ അറസ്റ്റ് ചെയ്തത് - **റോയി മാത്യു**



**അപ്പനും മകനും കൂടിയാണ് തിരുസഭയെ താങ്ങിനിർത്തുന്നത്!**

## അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട്
## പാസ്റ്റർ ടി.ജെ. സാമുവേൽ സൂപ്രണ്ട് പാസ്റ്റർ ജോസ് ടി. ജോർജ് സെക്രട്ടറി


റവ.ഡോ.ടി.ജെ.സാമുവേൽ


റവ.തോമസ് ഫിലിപ്പ്


റവ. ജോസ് ടി. ജോർജ്


റവ.യാഹ്ദത്ത് മണി


റവ. ബാബു വർഗീസ്

**വാളകം:** അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് സൂപ്രണ്ടായി പാസ്റ്റർ ടി.ജെ. സാമുവേൽ തെരഞ്ഞെടുക്കപ്പെട്ടു. പാസ്റ്റർ തോമസ് ഫിലിപ്പ് ആണ് പുതിയ അസിസ്റ്റന്റ് സൂപ്രണ്ട്. പാസ്റ്റർ ജോസ് ടി.ജോർജ് സെക്രട്ടറി, പാസ്റ്റർ യാഹ്ദത്ത് മണി ട്രഷറർ, പാസ്റ്റർ ബാബു വർഗീസ് കമ്മിറ്റിയംഗം എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.വാളകം ലാൻഡ് മാർക്ക് കൺവൻഷൻ സെന്ററിലാണ് തെരഞ്ഞെടുപ്പ് നടന്നത്.

പാസ്റ്റർ ടി.ജെ. സാമുവേൽ ആണ് മലയാളം ഡിസ്ട്രിക്ടിൽ ഏറ്റവും കൂടുതൽ കാലം സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്.

അസിസ്റ്റന്റ് സൂപ്രണ്ടായി തെരഞ്ഞെടുക്കപ്പെട്ട തോമസ് ഫിലിപ്പ് നോമിനേഷൻ ബാലറ്റിൽ തന്നെ തെരഞ്ഞെടുക്കപ്പെടുകയായിരുന്നു. സെക്രട്ടറിയായി പ്രവർത്തിച്ചു വരികയായിരുന്നു. നേരത്തെ ഡിസ്ട്രിക്ട് കമ്മിറ്റിയംഗം, ചങ്ങനാശേരി സെക്ഷൻ പ്രസ്ബി

(ശേഷം പേജ് 6)

ചെയർമാൻ
**ജോൺ വർഗീസ്**

ചീഫ് എഡിറ്റർ
**അച്ചൻകുഞ്ഞ് ഇലന്തൂർ**

ഓവർസീസ് എഡിറ്റർ
**ഷാജി കാരയ്ക്കൽ**

ജനറൽ എഡിറ്റർ
**സ്റ്റാൻലി ജോർജ്**

എക്സിക്യൂട്ടീവ് എഡിറ്റർ
**ദീപ്തി അന്ന അച്ചൻകുഞ്ഞ്**

യു.എസ്. എക്സിക്യൂട്ടീവ് എഡിറ്റർ
**റവ. ചാക്കോ ജോർജ്ജ്**

അസോസിയേറ്റ് എഡിറ്റേഴ്സ്
**ഷിബു മുള്ളംകാട്ടിൽ**
**വർഗീസ് മാത്യു**
**ചാർലീസ് മാത്യു**
**മാത്യൂസ് പി. ജോൺ**
**ജോസ് ഐക്കരപ്പടി**
**റെഞ്ചി ജേക്കബ് ജോർജ്**
**ബെന്നി കൊച്ചുവടക്കേൽ**

സബ് എഡിറ്റേഴ്സ്
**ജെസ്സി വർഗീസ്**
**ജെയ് തോമസ് മാലിയിൽ**
**പൊന്നമ്മ സാം**

സ്പെഷ്യൽ റിപ്പോർട്ടേഴ്സ്
**റ്റീയെസ് കപ്പമാംമൂട്ടിൽ**
**റെജി വർഗീസ് വെണ്ണിക്കുളം**
**ജസ്റ്റസ് ചന്ദ്രബോസ്**
**സാം മാത്യു ന്യൂയോർക്ക്**

ജനറൽ കോ-ഓർഡിനേറ്റേഴ്സ്
**ജിജി ബറോഡ**
**ജോൺ മത്തായി അതിരുങ്കൽ**
**ജെയിംസ് മേമന**


കോ-ഓർഡിനേറ്റേഴ്സ്
**മജ്ഞു പീടിയേക്കൽ**
**ബെന്നി പാപ്പച്ചൻ ഒക്കലഹോമ**
**രാജൻ ഏബ്രഹാം**
**മോൻസി വളഞ്ഞവട്ടം ഡാളസ്സ്**
**ജോയി സാം ജേക്കബ് കാനഡ**

മരുപ്പച്ച


വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : 200 രൂപ
യു.എസ്.എ. & കാനഡ : $ 50
ഇംഗ്ലണ്ട് : 20 പൗണ്ട്
ഗൾഫ് രാജ്യങ്ങൾ : 2000 രൂപ
**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
**മരുപ്പച്ച**
പ്ലാന്തോട്ടം കോംപ്ലക്സ്
തിരുവല്ല-1, കേരള - 689 101
ഫോൺ : 9961720195
maruppacha@yahoo.com
maruppacha@gmail.com



# BOOKS & BOOKS



എന്റെ ചാച്ചൻ
ഡോ. ഹന്ന എയ്ഞ്ചൽ
വില: 450/-




ലൂക്കോസ് എഴുതിയ സുവിശേഷം
ഡോ. സി.വി. വടവന
വില : 400/-




1001 പ്രസംഗക്കുറിപ്പുകൾ
ഡോ. സി.വി. വടവന
വില : 250/-




മോചനദ്രവ്യം
കുര്യൻ ഏബ്രഹാം
വില : 200/-



How to Pray
Reuben A. Torrey
Rs. 420/-




Turning Adversity
Mark Malmin
Rs. 500/-



സങ്കീർത്തന ഭാഷ്യം
ഡോ. സി.വി. വടവന
വില : 500/-



പ്രതികൂലങ്ങളിലെ ഊർജം
റവ. ഫാ. ജേക്കബ് എൻ വറുഗീസ്
വില : 150/-



Poetic Dewdrops for Children
Mabel Glenn Haldeman
Rs. 455/-



Divine Garlands
Varghese Thomas
Rs. 500/-




യോഹന്നാൻ എഴുതിയ സുവിശേഷം
ഡോ. സി.വി. വടവന
വില : 400/-




യേശുക്രിസ്തുവിന്റെ വെളിപ്പാട്
സാം സഖറിയ കൊട്ടാരക്കര
വില : 200/-



ദാനീയേൽ പ്രവചനം
ഡോ. സി.വി. വടവന
വില : 250/-



Hindi - English
Study Bible
Rs. 1500/-



സത്യം ദ്വിഭാഷാ പഠന ബൈബിൾ
വില : 1550/-



Malayalam Songs with
English Transliteration
Rs. 300/-

# DEEPTHI BOOK HOUSE
**Planthottam Complex, Thiruvalla - 689 101**

പുസ്തകം ലഭിക്കാൻ പേരും മേൽവിലാസവും **9961720195** നമ്പരിൽ വാട്ട്സ്ആപ്പ് ചെയ്യുക
രജിസ്ട്രേഡ് തപാലിലും VPP ആയും പുസ്തകം ലഭിക്കും.



മാത്യൂ ചെമ്പുകണ്ടത്തിൽ



# മലയാളികളുടെ അതിരുകടക്കുന്ന ആഗോള പൗരത്വബോധം

## കേരളം ഒരു പരീക്ഷണശാലയോ?

**ആഗോള രാഷ്ട്രീയത്തിന്റെ ചതുരംഗപ്പലകയിലെ കരുക്കളായി മാറി നമ്മുടെ സമാധാനം മറ്റാരുടെയോ രാഷ്ട്രീയ നേട്ടത്തിന് പണയപ്പെടുത്തുന്ന അതിരുകടന്ന ആഗോള പൗരത്വബോധത്തിനു തടയിടാൻ വിവേകമുള്ളവരെങ്കിലും ശ്രമിക്കുക. ആഗോളതലത്തിൽ മതപരമായോ രാഷ്ട്രീയമായോ ഉണ്ടാകുന്ന ചേരിതിരിവുകളെ ഇവിടെ ഇന്ധനമാക്കി സ്വൈര്യം കെടുത്തുന്ന ഈ സംസ്കാരത്തെ ഇനിയും വളർത്തേണ്ടതുണ്ടോ എല്ലാവരും ചിന്തിക്കുക.**

'റഷ്യയിൽ മഴ പെയ്താൽ കേരളത്തിൽ കുടപിടിക്കുക' എന്നത് പണ്ടു മുതൽ നമ്മൾ മലയാളികളെപ്പറ്റി പറഞ്ഞു കേൾക്കുന്ന ഒരു പരിഹാസമായിരുന്നെങ്കിൽ, ഇന്ന് അതൊരു ദുഷിച്ച സംസ്കാരമായി വളർന്നിരിക്കുന്നു. ലോകത്തിന്റെ ഏതോ കോണിൽ നടക്കുന്ന തർക്കങ്ങളും സംഘർഷങ്ങളും നമ്മുടെ തെരുവുകളിൽ വിദ്വേഷത്തിന്റെ കനലുകൾ കോരിയിടുന്നു. ഇതിനെ നിസ്സാരമായി കാണാനാകില്ല. ചിന്താശീലരായ ഒരു ജനത എന്നതിൽ നിന്ന്, ആഗോള രാഷ്ട്രീയത്തിന്റെ ചരടുവലികൾക്കനുസരിച്ച് തുള്ളുന്ന ഒരു സമൂഹമായി നമ്മൾ മാറുകയാണോ ഈ ചോദ്യം ഓരോ മലയാളിയും സ്വയം ചോദിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു.

ചരിത്രം പരിശോധിച്ചാൽ ഖിലാഫത്ത് സമരം പിന്നീടു മാപ്പിള ലഹളയായതും സദ്ദാംഹുസൈന്റെ വധം കേരളത്തിൽ വലിയ അലയൊലികൾ സൃഷ്ടിച്ചതും നമ്മൾ കണ്ടു. ലോകത്തുള്ള എല്ലാ പ്രശ്നങ്ങളും മലയാളിയുടെ സ്വന്തം വിഷയമായി കണക്കാക്കുന്ന ഒരു പ്രത്യേക മാനസികാവസ്ഥ ഇവിടെ രൂപപ്പെട്ടിരിക്കുന്നു. നെൽസൺ മണ്ടേലയുടെ വിമോചനത്തിനായി മനുഷ്യത്വപരമായ ഐക്യദാർഢ്യം പോലും മറ്റ് ആഫ്രിക്കൻ രാജ്യങ്ങളിൽ ചർച്ചയായില്ലെങ്കിലും കേരളത്തിലെ തെരുവുകളിൽ അത് പ്രകടനങ്ങൾക്കും സായാഹ്ന ധർണ്ണയ്ക്കും കാരണമായത് ഓർക്കുന്നു.

പൗരത്വ നിയമ ഭേദഗതി പോലുള്ള വിഷയങ്ങളിൽ ഇന്ത്യയുടെ ഇതര ഭാഗങ്ങൾ ശാന്തമായിരുന്നപ്പോഴും കേരളത്തിലെ ഉൾഗ്രാമങ്ങളിൽ പോലും ജനജീവിതം തടസ്സപ്പെട്ടത് നാം കണ്ടു. അഖിലേന്ത്യാ പണിമുടക്കും ബന്തും കേരളത്തിൽ നൂറു ശതമാനവും വിജയിക്കുമ്പോൾ ഹിന്ദി ബെൽറ്റും മറ്റ് തെക്കേ ഇന്ത്യൻ സംസ്ഥാനങ്ങളും ശാന്തമായിരിക്കും.

ഇസ്രായേൽപലസ്തീൻ സംഘർഷം ഭൂമിശാസ്ത്രപരമായി ആയിരക്കണക്കിന് മൈലുകൾ അകലെ നടക്കുന്നതാണെങ്കിലും ജനാധിപത്യത്തിന് ഒട്ടും ഭൂഷണമല്ലാത്ത വിധത്തിൽ

കേരളത്തിലെ വോട്ട് ബാങ്ക് രാഷ്ട്രീയത്തെ സ്വാധീനിക്കാനുള്ള അവസരമായി അതിനെ രാഷ്ട്രീയ പാർട്ടികൾ മാറ്റിയത് നമ്മൾ കണ്ടു.

മണിപ്പൂർ കലാപം പോലുള്ള അതീവ സങ്കീർണ്ണമായ വിഷയങ്ങളെ കേരളത്തിലെ രാഷ്ട്രീയ കക്ഷികൾ തങ്ങളുടെ വോട്ടുബാങ്ക് ഭദ്രമാക്കാനുള്ള തന്ത്രമായി ഉപയോഗിക്കുന്നു. മണിപ്പൂരിന്റെ അയൽസംസ്ഥാനങ്ങളായ മിസോറാമിലോ നാഗാലാന്റിലോ (അവിടെയും ഭൂരിഭാഗം ക്രിസ്ത്യൻ ജനസംഖ്യയാണുള്ളത്) ഉണ്ടാകാത്ത തരത്തിലുള്ള വൈകാരിക പ്രകടനങ്ങളും പ്രതിഷേധ പ്രളയവുമാണ് കേരളത്തിൽ കണ്ടത്. ഇതിന് പിന്നിലെ ലക്ഷ്യം മണിപ്പൂരിലെ ജനങ്ങളോടുള്ള സ്നേഹത്തേക്കാൾ ഉപരി, കേരളത്തിലെ ഒരു പ്രത്യേക വിഭാഗം വോട്ടർമാരുടെ ഇടയിൽ ഭീതി വിതയ്ക്കുകയും അവരെ തങ്ങളുടെ പക്ഷത്തേക്ക് അണിനിരത്തുകയും ചെയ്യുക എന്ന രാഷ്ട്രീയ തന്ത്രമായിരുന്നു എന്നതാണ് യാഥാർത്ഥ്യം.

നൈജീരിയയിൽ, ചൈനയിൽ, പാക്കിസ്ഥാനിൽ ക്രിസ്ത്യാനികൾ പീഡിപ്പിക്കപ്പെടുന്നത് ഇവിടെ എന്തുകൊണ്ട് ആരുടെയും കരളലിയിക്കുന്നില്ല? ഇതൊന്നും ആരും അറിയുന്നു പോലുമില്ല. രാഷ്ട്രീയ നേട്ടം ഇല്ലാത്തതിനാൽ ആരും അതു വാർത്തയാക്കുന്നില്ല. വടക്കേ ഇന്ത്യയിലെ ക്രൈസ്തവ പീഡനങ്ങളെപ്പറ്റി ഇവിടെ നടത്തുന്ന അമിതമായ പ്രചാരണങ്ങൾ പലപ്പോഴും യാഥാർത്ഥ്യങ്ങളേക്കാൾ കൂടുതൽ രാഷ്ട്രീയ ചേരിതിരിവ് ലക്ഷ്യം വെച്ചുള്ളതാണെന്നു മനസ്സിലാക്കണം.

### വികാരങ്ങൾ വിൽക്കുന്ന 'മാപ്ര'കളും യൂട്യൂബർമാരും

എല്ലാ പ്രശ്നങ്ങൾക്കും എരിതീയിൽ എണ്ണയൊഴിക്കാൻ പുതിയൊരു വിഭാഗം ഇന്നു സജീവമാണ്. ഉത്തരവാദിത്തമില്ലാത്ത മാധ്യമപ്രവർത്തനവും (മാപ്ര) 'വ്യൂസ്' കൂട്ടാൻ എന്തും വിളിച്ചു പറയുന്ന യൂട്യൂബർമാരും സമൂഹത്തിൽ അനാവശ്യ ഭീതിയും വിദ്വേഷവും പടർത്തുന്നു. ആർക്കും വേണ്ടാത്ത വിഷയങ്ങളിൽ തത്സമയ ചർച്ചകൾ നടത്തിയും 'തമ്പ് നെയിലു'കളിൽ വർഗീയത കലർത്തിയും ഇവർ നമ്മുടെ സമാധാനം നശിപ്പിക്കുന്നു. നിസാര വാർത്തകൾ പോലും 'വിവാദം' എന്ന പേരിൽ വലിയ തലക്കെട്ടുകൾ നൽകി വായനക്കാരെ സൃഷ്ടിക്കുന്നു. സാധാരണക്കാരന്റെ വൈകാരികതയെ പണമാക്കി മാറ്റുന്ന ഒരു വലിയ വിപണിയായി കേരളത്തിലെ ഈ 'ആഗോള പ്രതികരണം' മാറിയിട്ടുണ്ട്.

മതരാഷ്ട്രീയ തീവ്രവാദികൾക്ക് വളരാൻ പറ്റിയ വളക്കൂറുള്ള മണ്ണായി കേരളം മാറുന്നു എന്നതാണ് ഇതിന്റെ ഏറ്റവും ഭയാനകമായ മറുവശം. പുറംലോകത്തെ തർക്കങ്ങൾ നമ്മുടെ അയൽപക്കത്തെ ബന്ധങ്ങളിൽ വിള്ളലുണ്ടാക്കുന്നു. വഴിതടയലുകളും ഹർത്താലുകളും മൂലം സാധാരണക്കാരന്റെ ഉപജീവനവും സംസ്ഥാനത്തിന്റെ വികസനവും മുരടിക്കുന്നു. ക്രിയാത്മകമായി ചിന്തിക്കേണ്ട യുവജനത അക്രമാസക്തരാവുകയും നിയമ നടപടികൾ നേരിടുകയും ചെയ്യുന്നു. അനാവശ്യമായ ആശയസംഘട്ടനങ്ങൾ വ്യക്തി ബന്ധങ്ങൾ തകർക്കുന്നു.

ആഗോള വിഷയങ്ങളിൽ അറിവുണ്ടാകുന്നത് നല്ലതാണ്, എന്നാൽ അറിവ് വിവേകമായി മാറണം. ലോകത്തെവിടെയും നീതികേട് നടക്കുമ്പോൾ മനസ്സ് കൊണ്ട് വേദനിക്കുന്നതിൽ തെറ്റില്ല, പക്ഷേ അതിന്റെ പേരിൽ സ്വന്തം നാടിന്റെ സമാധാനം തകർക്കുന്നത് വിഡ്ഢിത്തമാണ്.

ആഗോള രാഷ്ട്രീയത്തിന്റെ ചതുരംഗപ്പലകയിലെ കരുക്കളായി മാറി നമ്മുടെ സമാധാനം മറ്റാരുടെയോ രാഷ്ട്രീയ നേട്ടത്തിന് പണയപ്പെടുത്തുന്ന അതിരുകടന്ന ആഗോള പൗരത്വബോധത്തിനു തടയിടാൻ വിവേകമുള്ളവരെങ്കിലും ശ്രമിക്കുക. ആഗോളതലത്തിൽ മതപരമായോ രാഷ്ട്രീയമായോ ഉണ്ടാകുന്ന ചേരിതിരിവുകളെ ഇവിടെ ഇന്ധനമാക്കി സ്വൈര്യം കെടുത്തുന്ന ഈ സംസ്കാരത്തെ ഇനിയും വളർത്തേണ്ടതുണ്ടോ എല്ലാവരും ചിന്തിക്കുക.






## വചനപ്രകാരം 17

പി.എസ്. ചെറിയാൻ

# നിത്യതയുടെ വെളിച്ചത്തിൽ ജീവിതം



**ഈ** ജീവിതം നിഴൽ പോലെ മാഞ്ഞു പോകും. യേശു നമുക്ക് വാഗ്ദാനം ചെയ്തിരിക്കുന്നത് നിത്യതയും നിത്യജീവനുമാണ്. അതാണ് ഒരു ക്രിസ്തുഭക്തന്റെ പ്രത്യാശ. പൂർവ്വപിതാക്കന്മാർ ഈ നിത്യതയ്ക്കുവേണ്ടി ഭക്തിയോടെ നോക്കിപ്പാർത്തവരാണ്. 'വിശ്വാസത്താൽ അബ്രാഹാം തനിക്കു അവകാശമായി കിട്ടുന്ന ദേശത്തേക്കു യാത്രയാകുവാൻ വിളിക്കപ്പെട്ടാറെ അനുസരിച്ചു എവിടേക്കു പോകുന്നു എന്നറിയാതെ പുറപ്പെട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്തദേശത്തു ഒരു അന്യദേശത്തു എന്നപോലെ ചെന്നു വാഗ്ദത്തത്തിനു കൂട്ടവകാശികളായ യിസഹാക്കിനോടും യാക്കോബിനോടും കൂടെ കൂടാരങ്ങളിൽ പാർത്തു കൊണ്ടു ദൈവം ശില്പിയായി നിർമ്മിച്ചതും അടിസ്ഥാനങ്ങളുള്ളതുമായ നഗരത്തിനായി കാത്തിരുന്നു' (എബ്രായർ 11:8 10).

വരുവാനുള്ള മഹത്ത്വത്തിന്റെയും തേജസ്സിന്റെയും പ്രത്യാശയിലാണ് വിശുദ്ധ പൗലൊസ് ജീവിച്ചതും സഭയെ ഉപദേശിച്ചതും. 'നമ്മിൽ വെളിപ്പെടുവാനുള്ള തേജസ്സുവിചാരിച്ചാൽ ഈ കാലത്തിലെ കഷ്ടങ്ങൾ സാരമില്ല എന്നു ഞാൻ എണ്ണുന്നു' (റോമർ 8:18). 'ആത്മാവെന്ന ആദ്യദാനം ലഭിച്ചിരിക്കുന്ന നാമും നമ്മുടെ ശരീരത്തിന്റെ വീണ്ടെടുപ്പായ പുത്രത്വത്തിനു കാത്തുകൊണ്ട് ഉള്ളിൽ ഞരങ്ങുന്നു. പ്രത്യാശയാലല്ലോ നാം രക്ഷിക്കപ്പെട്ടിരിക്കുന്നതു' (റോമർ 8:23,24).

നമ്മുടെ പുനരുത്ഥാനത്തെപ്പറ്റിയും രൂപാന്തരത്തെപ്പറ്റിയും പൗലൊസ് ഇപ്രകാരം എഴുതുന്നു: 'ഞാൻ ഒരു മർമ്മം നിങ്ങളോടു പറയാം; നാം എല്ലാവരും നിദ്രകൊള്ളുകയില്ല; എന്നാൽ അന്ത്യകാഹളനാദത്തിങ്കൽ പെട്ടെന്നു കണ്ണിമയ്ക്കുന്നിടയിൽ നാം എല്ലാവരും രൂപാന്തരപ്പെടും. കാഹളം ധ്വനിക്കും, മരിച്ചവർ അക്ഷയരായി ഉയിർക്കുകയും നാം രൂപാന്തരപ്പെടുകയും ചെയ്യും' (1 കൊരിന്ത്യർ 15:52,53), 'കർത്താവു താൻ ഗംഭീരനാദത്തോടും പ്രധാനദൂതന്റെ ശബ്ദത്തോടും ദൈവത്തിന്റെ കാഹളത്തോടും കൂടെ സ്വർഗ്ഗത്തിൽ നിന്നിറങ്ങിവരികയും ക്രിസ്തുവിൽ മരിച്ചവർ മുമ്പെ ഉയിർത്തെഴുന്നേല്ക്കുകയും ചെയ്യും. പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒരുമിച്ചു ആകാശത്തിൽ കർത്താവിനെ എതിരേല്പാൻ മേഘങ്ങളിൽ എടുക്കപ്പെടും. ഇങ്ങനെ നാം എപ്പോഴും കർത്താവിനോടുകൂടെ ഇരിക്കും' (1 തെസ്സ. 4:16, 17). ഇതാണു നമ്മുടെ പ്രത്യാശ. ഓരോ ദൈവപൈതലും ഈ ഭാവികാല അനുഗ്രഹത്തിനു അവകാശിയാണ്. കർത്താവിന്റെ വരവിൽ നമുക്ക് ശരീരം ലഭിക്കും. ആ ശരീരം അക്ഷയമായിരിക്കും. കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം 'നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിൽ ആകുന്നു; അവിടെ നിന്നു കർത്താവായ യേശുക്രിസ്തു രക്ഷിതാവായി വരും എന്നു നാം കാത്തിരിക്കുന്നു. അവൻ സകലവും തനിക്കു കീഴ്പ്പെടുത്തുവാൻ കഴിയുന്ന തന്റെ വ്യാപാരശക്തികൊണ്ട് നമ്മുടെ താഴ്ചയുള്ള ശരീരത്തെ തന്റെ മഹത്ത്വമുള്ള ശരീരത്തോടു അനുരൂപമായി രൂപാന്തരപ്പെടുത്തും' (ഫിലിപ്പിയർ 3:20,21).

അപ്പൊസ്തലനായ യോഹന്നാൻ എഴുതുന്നു: 'കാൺമീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്രവലിയ സ്നേഹം നല്കിയിരിക്കുന്നു. ലോകം അവനെ അറിഞ്ഞിട്ടില്ലായ്കകൊണ്ട് നമ്മെയും അറിയുന്നില്ല. പ്രിയമുള്ളവരേ, നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നതു ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല. അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവനെ താൻ ഇരിക്കുംപോലെ തന്നെ കാണുന്നതാകകൊണ്ട് അവനോട് സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു' (1 യോഹന്നാൻ 3:1,2). അപ്പൊസ്തലനായ പത്രൊസ് എഴുതുന്നതു നോക്കുക: 'നാം അവന്റെ വാഗ്ദത്തപ്രകാരം നീതി വസിക്കുന്ന പുതിയ ആകാശത്തിനും പുതിയ ഭൂമിയ്ക്കുമായിട്ടു കാത്തിരിക്കുന്നു' (2 പത്രൊസ് 3:13).

ഭാഗ്യകരവും മഹത്ത്വകരവുമായ ഒരുഭാവി പ്രത്യാശയിലേക്കാണ് ദൈവം നമ്മെ വിളിച്ചിരിക്കുന്നത്. ഒരു നിത്യത നമുക്കായി ശേഷിച്ചിരിക്കുന്നു. നാം നിത്യയ്ക്കുവേണ്ടി ഉള്ളവരാണ് എന്ന യാഥാർത്ഥ്യബോധം നമ്മെ ഭരിക്കട്ടെ. ഈ ലോകം താല്ക്കാലികമാണ്. ലോകത്തിലുള്ള സകലതും നശിച്ചുപോകും. നിത്യതയിൽ കർത്താവിനോടൊത്ത് തേജസ്സിൽ വാഴുന്ന ആനന്ദകരമായ അനുഭവം നമുക്കായി കാത്തിരിക്കുന്നു. മോക്ഷയാത്രയിലെ തീർത്ഥാടകരായ നാം കർത്താവിന്റെ സന്നിധിയിൽ എത്തിച്ചേരുന്നതോടെ ജീവിതം സഫലമാകും. നമ്മുടെ വീണ്ടെടുപ്പിന്റെ പൂർണ്ണത നാം അനുഭവിക്കും.

അതുകൊണ്ട് നമ്മുടെ ഈ ലോക ജീവിതം നിത്യതയുടെ വെളിച്ചത്തിൽ നയിക്കുവാൻ നാം ഉത്സാഹിക്കണം. ഇനി നാം വസ്തുക്കളെ കാണുന്നത് നിത്യതയുടെ വെളിച്ചത്തിൽ ആയിരിക്കണം. കർത്താവു നമുക്കു നല്കുന്ന നിത്യജീവന്റെയും നിത്യതയുടെയും കാഴ്ചപ്പാടു നമുക്കുണ്ടെങ്കിൽ സമാധാനപൂർണ്ണവും സന്തോഷകരവുമായ ജീവിതം നമുക്കു സാധിക്കും. ഈ പ്രത്യാശ നമ്മെ ജീവിത വിജയത്തിലേക്കു നയിക്കും.

---

ജീവിതം

# ശരിയായ അറിവും അചഞ്ചലമായ വിശ്വാസവും



ജെയിൻ എഡ്സൺ



'ശരിയായ അറിവുകൾ മാത്രമേ ശരിയായ അനുഗ്രഹങ്ങൾ കൊണ്ടുവരികയുള്ളൂ.'

ഈ ഒരു സത്യം ജീവിതത്തിന്റെ ദിശ നിർണ്ണയിക്കുന്ന ശക്തിയാണ്. ജീവിതത്തെപ്പറ്റിയുള്ള ശരിയായ അറിവുകൾക്കനുസരിച്ച് പ്രവർത്തിക്കുമ്പോൾ, നമ്മൾ ദൈവം നിശ്ചയിച്ചിട്ടുള്ള ലക്ഷ്യത്തിലേക്കാണ് സഞ്ചരിക്കുന്നത്. അത് തന്നെയാണ് നമ്മുടെ ഡെസ്റ്റിനി (ഭാവി).

ഒരു നിമിഷം ചിന്തിച്ചുനോക്കൂ. ഓരോ രാവിലെയും സ്വർഗ്ഗത്തിൽ നിന്ന് ഒരു കുറിപ്പ് നമ്മുടെ വീട്ടുമുറ്റത്ത് വന്നു വീഴുന്നു 'ഇന്ന് നിന്റെ അനുഗ്രഹത്തിന്റെ ദിവസമാണ്.'

'ഇന്ന് ഒരു പരീക്ഷ നിനക്കുണ്ട്.' 'ഇന്ന് ഒരു പുതിയ അവസരം വരുന്നു.' ' കല്യാണം ഇന്ന ദിവസം നടക്കും.' 'ജോലി ഇന്ന സ്ഥാപനത്തിൽ കിട്ടും.'

എത്ര ആശ്വാസകരമായിരുന്നേനെ ആ ജീവിതം! ആശങ്കകൾ ഇല്ലാതെ അനിശ്ചിതത്വം ഇല്ലാതെ പൂർണ്ണ സമാധാനത്തോടെ ജീവിതം. ടെൻഷൻ ഫ്രീ ആകുമായിരുന്നു!

എന്നാൽ ദൈവം നമുക്കായി ഒരുക്കിയ ജീവിതം അങ്ങനെ അല്ല.

വചനാധിഷ്ഠിതമായ ജീവിതം മുൻകൂട്ടി എല്ലാം അറിയുന്നതല്ല വിശ്വാസത്തോടെ ജീവിക്കുന്നതാണ്. ദൈവം നൽകിയ ഓരോ വാഗ്ദത്തത്തിനും അതിന്റെ നിറവേറലിനുള്ള ഒരു സമയവും ദിവസവും ഉണ്ടെന്ന് വിശ്വസിക്കുകയാണ് വിശ്വാസജീവിതം.

നീതിമാൻ വിശ്വാസത്താൽ ജീവിക്കണം.

നമ്മളെല്ലാവരും ദൈവകല്പിതമായ സ്ഥലത്തേക്കുള്ള യാത്രയിലാണ്. നമ്മുടെ ഡെസ്റ്റിനിയിൽ നമ്മൾ നിശ്ചയമായും എത്തിച്ചേരും. നമ്മുടെ വാഗ്ദത്തങ്ങൾ നിറവേറുക തന്നെ ചെയ്യും.

**യോസഫ്:** വിശദാംശങ്ങളില്ലാത്ത വിശ്വാസത്തിന്റെ യാത്ര...

യോസഫിന്റെ ജീവിതം നമ്മെ അത്ഭുതപ്പെടുത്തുന്ന ഒരു ഉദാഹരണമാണ്. ദൈവം അവന് നൽകിയതു ഒരു സ്വപ്നം മാത്രം. ഒരു ദിവസം മാതാപിതാക്കളും സഹോദരന്മാരും തന്നെ നമസ്കരിക്കും എന്നുള്ളത്.

എന്നാൽ അതിലേക്ക് എത്തുന്ന വഴി ദൈവം വ്യക്തമാക്കിയില്ല. അതിനുള്ള സാഹചര്യം ദൈവത്താൽ ഉളവാകുമെന്ന് യോസഫ് വിശ്വസിക്കാൻ തുടങ്ങി.

പതിനേഴാം വയസ്സിൽ വികാരങ്ങൾ പക്വമാകാത്ത ഒരു ടീനേജ് പ്രായത്തിൽ സ്വന്തം സഹോദരന്മാർ തന്നെ അവനെ വഞ്ചിച്ച് പൊട്ടക്കിണറ്റിൽ ഇട്ടു. യോസഫിന്റെ മുമ്പിൽ വെച്ചാണ് 'ഒരാടിനെ വിലപേശി വിൽക്കുന്നത്' പോലെ കച്ചവടക്കാർക്ക് അവനെ വിറ്റത്.

എന്തൊരു വേദന! എന്തൊരു ട്രോമ ആയിരിക്കും! എന്നാൽ യോസഫ് പിന്മാറ്റത്തിൽ പോയില്ല.

ദൈവത്തെ ദുഷിച്ചില്ല. ദൈവത്തെയും ദൈവം നൽകിയ വാഗ്ദത്തത്തെയും അവിശ്വസിച്ചില്ല. പോത്തീഫറിന്റെ വീട്ടിൽ അവൻ കഠിനാധ്വാനം ചെയ്ത് ഉയർന്നു. പുതിയ ഭാഷ പഠിച്ചെടുത്തു. അവിടെ മാനേജരായി. സ്വഭാവത്തിലും രൂപത്തിലും എല്ലാവർക്കും ഇഷ്ടപ്പെടുന്നവനായിരുന്നു. എന്നാൽ അവൻ തന്റെ വിശുദ്ധി നഷ്ടപ്പെടുത്തിയില്ല.

അടുത്തത് കള്ളകേസിൽ ജയിലിൽ! അവിടെയും അവൻ തകർന്നില്ല. ഒരു സാധാരണ തടവുകാരനായി ജീവിക്കാതെ, ജയിൽ അധികാരിയുടെ വിശ്വസ്ത സഹായിയായി മാറി.

ആരും സഹായിക്കാൻ ഇല്ല, ആരും ആശ്വസിപ്പിക്കാൻ ഇല്ല. ജാമ്യമെടുക്കാനോ വന്നു കാണാനോ ഒരു വസ്ത്രം വാങ്ങി കൊടുക്കാനോ ആരുമില്ല.

എന്നാൽ ഒരു കാര്യത്തിൽ മാത്രം യോസഫ് ഉറച്ചു നിന്നു.

ദൈവത്തിലും ദൈവം നൽകിയ സ്വപ്നത്തിലും.

വർഷങ്ങളോളം പ്രതിസന്ധികളിൽ ജീവിച്ചിട്ടും അവൻ പരാതിപ്പെട്ടില്ല. കൈപ്പുണ്ടാക്കിയില്ല. മറ്റുള്ളവരോട് ദേഷ്യം തീർത്തില്ല, സ്വഭാവശ്രേഷ്ഠത കൈവിട്ടില്ല, സ്വപ്നം മറന്നില്ല, ദൈവം നൽകിയ സ്വപ്നവ്യാഖ്യാനവരം ഉപേക്ഷിച്ചില്ല, ഒരു സ്വപ്നം യോസേഫിന്റെ ജീവിതത്തെ കഷ്ടത്തിലാക്കി, എന്നാൽ മറ്റൊരു സ്വപ്നത്തിന്റെ വ്യാഖ്യാനം. അവനെ ഈജിപ്തിന്റെ പ്രധാനമന്ത്രിയായി ഉയർത്തി.

യാത്രയിൽ വിശ്വാസം കൈവിടരുത്. നമ്മളും അതേ യാത്രയിലാണ്. ഡെസ്റ്റിനിയിലേക്കുള്ള, ദൈവകല്പിതമായ ജീവിതത്തിലേക്കുള്ള യാത്ര.

ഈ വഴിയിൽ തടസ്സങ്ങൾ വരും.

പ്രതിസന്ധികൾ ഉണ്ടാകും. ചിലപ്പോൾ വേണ്ടപ്പെട്ടവർ പോലും നമ്മുക്കെതിരെ നിൽക്കും. എന്നാൽ, അതൊന്നും അവസാനമല്ല അത് യാത്രയുടെ ഭാഗമാണ്. പ്രധാനപ്പെട്ടത് നമ്മുടെ പ്രതികരണമാണ്. നാം തകർന്നുപോകുമോ? അല്ലെങ്കിൽ വിശ്വാസത്തിൽ ഉറച്ചു നിൽക്കുമോ?

യോസഫിനെ പോലെ നിൽക്കാൻ നമുക്ക് പഠിക്കണം. കഷ്ടതകളിൽ സ്വഭാവശ്രേഷ്ഠത കൈവിടരുത്. ദൈവത്തിന്റെ വാഗ്ദത്തങ്ങൾ മറക്കരുത്. ദൈവം നൽകിയ വരങ്ങൾ ഉപേക്ഷിക്കരുത്. എത്തിച്ചേരാനുള്ള ഉറപ്പ്. നമുക്ക് പരിചിതമായ ഒരു സ്ഥലത്തേക്ക് യാത്ര ചെയ്യുമ്പോൾ വഴിയിൽ ട്രാഫിക് ബ്ലോക്ക് ഉണ്ടായാലും, റെഡ് സിഗ്നൽ ഉണ്ടായാലും നാം അസ്വസ്ഥരാകാറില്ല. കാരണം, നമുക്ക് ഉറപ്പുണ്ട് നാം എത്തിച്ചേരും.

അതുപോലെ തന്നെ, ദൈവത്തിന്റെ വാഗ്ദത്തങ്ങൾ നമ്മുടെ ഉള്ളിൽ ഒരു ഉറപ്പ് നൽകുന്നു നമ്മൾ എത്തിച്ചേരും. തടസ്സങ്ങൾ അവസാനമല്ല. അനിശ്ചിതത്വം പരാജയം അല്ല.

നമ്മൾ എത്തിച്ചേരും!!!

# ബാംഗ്ലൂർ വിക്ടറി എ.ജി. വർഷിപ്പ് സെന്ററിൽ 21 ദിന ഉപവാസ പ്രാർഥന



**ബെംഗളൂരു:** ബെംഗളൂരു ഹെബ്ബാൾ ചിര ജ്ഞീവി ലേ ഔട്ട് വിക്ടറി ഇന്റർനാഷണൽ എ.ജി. വർഷിപ്പ് സെന്ററിൽ 21 ദിന ഉപവാസ പ്രാർഥന ഏപ്രിൽ 19 മുതൽ മെയ് 10 വരെ നടക്കും.

ഹെബ്ബാൾ എസ്റ്റീം മാളിന് സമീപം ചിര ജ്ഞീവി ലേ ഔട്ട് വിക്ടറി ഇന്റർനാഷണൽ അസംബ്ലീസ് ഓഫ് ഗോഡ് വർഷിപ്പ് സെന്ററിൽ ദിവസവും രാവിലെ 5.30 നും 10 നും ഉച്ചകഴിഞ്ഞ് 3 നും വൈകിട്ട് 6നും പ്രാർത്ഥനകൾ നടക്കും.


പാസ്റ്റർമാരായ അനിസൺ കെ.ശാമുവേൽ, ബിജു തമ്പി , ജിബു ജേക്കബ്, ഏലിയാസ് ജേക്കബ്, വിനോദ് , ഡാനിയേൽ ഡേവിഡ്, വിൽസൺ ഏബ്രഹാം, നിജു മാത്യൂ, ക്ലമന്റ് ജോസ്, അനീഷ് കെ തോമസ്, നഥാനിയേൽ ഡൊണാൾഡ് , ലിനീഷ് ടെനിസൺ, മോസസ് കവി, രെജിത്ത് ആർ. എന്നിവർ ഉപവാസ പ്രാർഥനയിൽ പ്രസംഗിക്കും. വിക്ടറി എ ജി സീനിയർ പാസ്റ്ററും സ്ഥാപകനുമായ റവ.ഡോ.രവി മണി പ്രാർഥനകൾക്ക് മുഖ്യ നേതൃത്വം നൽകും. ദേശത്തുടനീളം സുവിശേഷത്തിന് സ്വാതന്ത്ര്യം പ്രഖ്യാപിക്കുക, ലോകസമാധാനത്തിനും ,സന്തോഷവും സമാധാനവും നിറഞ്ഞ കുടുംബ ജീവിതം നയിക്കുവാൻ തുടങ്ങീ വിവിധ ആവശ്യങ്ങൾക്കു വേണ്ടിയാണ് ഉപവാസ പ്രാർഥന നടത്തുന്നത്. മെയ് 10ന് സംയുക്ത ആരാധനയോടും തിരുവത്താഴ ശുശ്രൂഷയോടും കൂടെ യോഗം സമാപിക്കും.

# ഓർഡിനേഷൻ ശുശ്രൂഷയും പുസ്തക പ്രകാശനവും



**തൃശൂർ :** പറവാട്ടാനി തൃശൂർ പെന്തെക്കോസ്ത് ദൈവസഭയുടെ ആഭിമുഖ്യത്തിൽ ഓർഡിനേഷൻ ശുശ്രൂഷയും പുസ്തകപ്രകാശനവും ഏപ്രിൽ 3 ന് സഭാ ഹാളിൽ നടന്നു.

പാസ്റ്റർ ചെറിയാൻ ഫിലിപ്പ് മുഖ്യ പ്രഭാഷണം നിർവഹിച്ചു. സുവിശേഷകരായ പ്രിൻസ് ചുങ്കത്ത്, ജോസഫ് ചുങ്കത്ത് എന്നിവർക്ക് ഓർഡിനേഷൻ നൽകി. പാസ്റ്റർ ഡേവിഡ് ചുങ്കത്ത് രചിച്ച 'വീടും വീട്ടിലെ സഭയും ' എന്ന പുസ്തകത്തിന്റെ പ്രകാശനം ക്രൈസ്തവ സാഹിത്യ അക്കാദമി പ്രസിഡന്റ് ടോണി ഡി. ചെവ്വൂക്കാരൻ നിർവഹിച്ചു. പാസ്റ്റർ രാജു കവടിയാർ ആദ്യ പ്രതി ഏറ്റുവാങ്ങി. പാസ്റ്റർ സി. ഒ. ഇഗ്നേഷ്യസ് ആശംസകൾ അറിയിച്ചു.



മരുപ്പച്ച
വെബ്സൈറ്റിൽ
www.maruppacha.com
Email: maruppacha @gmail.com
Whatsapp: 9961720195


# ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു

മലയാളി പെന്തെക്കോസ്ത് സമൂഹത്തെക്കുറിച്ചു ള്ള ചരിത്രവും ഏറ്റവും പുതിയ സ്ഥിതി വിവരങ്ങളും ഉൾപ്പെടുത്തി ഹാലേലൂയ്യാ ഇയർ ബുക്ക് വീണ്ടും പ്രസിദ്ധീകരിക്കുന്നു. 2017 ലാണ് അവസാനമായി ഹാലേലൂയ്യാ ഇയർ ബുക്ക് പുറത്തിറങ്ങിയത്. കഴിഞ്ഞ 10 വർഷം കേരളത്തിലെ പെന്തെക്കോസ്ത് സമൂഹത്തിനുണ്ടായ മാറ്റങ്ങളുടെയും വളർച്ചയുടെയും സമഗ്രമായ വിവരങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് പരിഷ്കരിച്ച പതിപ്പായിരിക്കും വീണ്ടും പ്രസിദ്ധീകരിക്കുന്നത്. പുതിയ എഡിഷനിലേക്കുള്ള വിവരശേഖരണ ജോലികൾ ഇതിനകം ആരംഭിച്ചു കഴിഞ്ഞു.

കേരളത്തിലെ പെന്തെക്കോസ്ത് സഭകളുടെ ചരിത്രം 1905 മുതൽ 2026 വരെ ഓരോ വർഷവും മലയാളി പെന്തെക്കോസ്ത് സഭകളുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള സംഭവങ്ങൾ, ഓരോ പെന്തെക്കോസ്ത് പ്രസ്ഥാനത്തെയും കുറിച്ചുള്ള വിപുലമായ ചരിത്രവും സ്ഥിതിവിവര കണക്കുകളും പാരാ ചർച്ച് മൂവ്മെന്റുകൾ, മിഷനറി പ്രസ്ഥാനങ്ങൾ, ഐക്യ പ്രസ്ഥാനങ്ങൾ തുടങ്ങി നൂറുകണക്കിന് പ്രസ്ഥാനങ്ങളുടെയും സ്ഥാപനങ്ങളുടെയും കൃത്യമായ വിവരങ്ങൾ, കൂടാതെ 'ഹു ഈസ് ഹു' എന്ന പേരിൽ പ്രമുഖരായ സഭാനേതാക്കൾ മുതൽ കൺവെൻഷൻ പ്രസംഗകർ, വർഷിപ്പ് ലീഡേഴ്സ്, ഇൻഫ്ലുവൻസേഴ്സ്, യുവജന പ്രവർത്തകർ തുടങ്ങിയ വിവിധ നിലകളിൽ നിന്നുള്ള വ്യക്തികളുടെ വിവരണങ്ങൾ.

പഞ്ചായത്ത് /മുൻസിപ്പാലിറ്റി /കോർപ്പറേഷൻ അടിസ്ഥാനത്തിൽ ഓരോ സ്ഥലത്തുമുള്ള ലോക്കൽ സഭകളുടെ വിവരണങ്ങൾ, ഫോൺ നമ്പറുകൾ തുടങ്ങി 0പെന്തെക്കോസ്തുമായി ബന്ധപ്പെട്ട എല്ലാ വിവരങ്ങളും ഉൾപ്പെടുത്തുന്ന രീതിയിലാണ് ഇയർ ബുക്ക് തയ്യാറാക്കുന്നത്.




**2027 ജനുവരിയിൽ പ്രസിദ്ധീകരിക്കും**

**വിവരശേഖരണത്തിൽ സഹകരണം തേടുന്നു**

ഇയർ ബുക്കിലേക്കുള്ള വിവരങ്ങൾ ശേഖരിക്കുന്നതിൽ സഹകരിക്കുവാൻ താല്പര്യമുള്ള പെന്തെക്കോസ്ത് ശുശ്രൂഷകന്മാർ, യുവജന പ്രവർത്തകർ തുടങ്ങിയവരുടെ സഹായം ഞങ്ങൾക്ക് ആവശ്യമുണ്ട്. താല്പര്യമുള്ളവർ നിങ്ങളുടെ പേരും സ്ഥലവും വാട്സാപ്പ് ചെയ്യുക. **9349500155.**


പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി പാടിമൺ ജംഗ്ഷന് സമീപം

**31 സെന്റ് സ്ഥലം വില്പനയ്ക്ക്**

മല്ലപ്പള്ളി : മേൽ പാടിമൺ നിന്നും walking distance ൽ 31 സെന്റ് സ്ഥലം. വീട് വയ്ക്കുവാൻ അനുയോജ്യമാണ്. Bus stop,Shops, Market,Church മുതലായ സൗകര്യങ്ങൾ കുറഞ്ഞ ചുറ്റളവിൽ ലഭ്യമാണ്. ഈ 31 സെന്റ് സ്ഥലം മൊത്തമായോ 15.5 സെന്റിന്റെ 2 പ്ലോട്ടുകളായോ കൊടുക്കപ്പെടും.

Contact Owner
+91-9444016350
+91-9043016350
Whatsapp
+91-9444016350

# നിലവിളിക്കുന്ന കല്ലുകൾ..!



**എ.ഐ. ജോർജ്ജുകുട്ടി**
aigeorgekutty@gmail.com
9496597766

ആധുനിക കാലത്ത് ശബ്ദവും ദൃശ്യവുമെല്ലാം റെക്കോർഡ് ചെയ്ത് വിവിധരൂപത്തിലുള്ള മെമ്മറി ഡിവൈസുകളിൽ സൂക്ഷിച്ചുവയ്ക്കാൻ കമ്പ്യൂട്ടറിലും ഫോണുകളിലുമെല്ലാം സംവിധാനങ്ങൾ ഉണ്ട്. എന്നാൽ ഇത്തരം സംവിധാനങ്ങൾ മനുഷ്യർക്ക് സ്വപ്നം കാണുവാൻപോലും സാധിക്കാത്ത കാലത്ത്, ആയിരക്കണക്കിന് വർഷങ്ങൾക്ക് മുമ്പ് രേഖപ്പെടുത്തപ്പെട്ട വിശുദ്ധ ബൈബിളിലെ ഹബക്കൂക്ക് പ്രവചനത്തിൽ പറഞ്ഞിരിക്കുന്നു: "ചുവരിൽനിന്ന് കല്ല് നിലവിളിക്കുകയും മരപ്പണിയിൽനിന്ന് തുലാം ഉത്തരം പറയുകയും ചെയ്യുമല്ലോ" (ഹബക്കൂക് 2:11).

നാം സ്വതവെ ഇഷ്ടപ്പെടാനിടയില്ലാത്ത തിരുവെഴുത്തിലെ മാറ്റമില്ലാത്ത ഒരു സത്യമാണ്, ഭൂമിയിൽ നാം പറഞ്ഞതും ചെയ്തതുമായ കാര്യങ്ങളെ ദൈവം ന്യായവിധി ദിവസത്തിൽ വെളിപ്പെടുത്തുകയും അതിനനുസരിച്ച് നമുക്ക് പ്രതിഫലമോ പ്രതികാരമോ ലഭിക്കുകയും ചെയ്യും എന്നത്. മനുഷ്യർ പറയുന്ന ഏത് നിസ്സാര വാക്കിനും ന്യായവിധി നാളിൽ കണക്ക് ബോധിപ്പിക്കേണ്ടിവരും (മത്തായി 12:36) എന്ന് ക്രിസ്തു പറഞ്ഞിട്ടുണ്ട്. തന്റെ ജനത്തെ ന്യായം വിധിക്കേണ്ടതിന് ദൈവം ഭൂമിയെയും ആകാശത്തെയും സാക്ഷികളാക്കി ഓരോരുത്തരുടെയും ചെയ്തികളെ കണ്ണിന്മുമ്പിൽ നിരത്തിവെക്കും (സങ്കീ. 50:4,21) എന്ന് സങ്കീർത്തനത്തിലും നാം വായിക്കുന്നു.

ഇപ്രകാരമുള്ള ന്യായവിസ്താര വേളയിൽ നമുക്ക് പ്രതിവാദം ചെയ്യാൻ വകയില്ലാത്തവിധം കൃത്യമായ തെളിവുകൾ നിരത്തി ദൈവം നീതിയോടെ നമ്മോട് വ്യവഹരിക്കുമെന്നത് ഓരോ മനുഷ്യനുമുള്ള മുന്നറിയിപ്പാണ്. മരണം പോലെതന്നെ നിശ്ചയമായ മറ്റൊരു കാര്യമാണ് ന്യായവിധി. ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും ദൈവം മനുഷ്യന് നിയമിച്ചിരിക്കുന്നു (എബ്രായർ 9:27). ന്യായവിധി ദിവസത്തിൽ നാം ഓരോരുത്തരുടെയും ചെയ്തികൾ പരസ്യമായി വെളിപ്പെടുവരുമെന്ന് കർത്താവ് പറഞ്ഞിട്ടുണ്ട്. "മറച്ചുവച്ചത് ഒന്നും വെളിപ്പെടാതെയും ഗൂഢമായത് ഒന്നും അറിയാതെയും ഇരിക്കയില്ല" (മത്തായി 10:26).

നാം പാർക്കുന്ന വീടിന്റെ ചുവരുകളിലെ കല്ലുകളിലും മരപ്പണിയിലും ഉൾപ്പെടെ സകല വസ്തുക്കളിലും സകല കാര്യങ്ങളും രേഖപ്പെടുത്തപ്പെട്ടുകൊണ്ടേയിരിക്കുന്നു. അവ രഹസ്യക്യാമറകൾ പോലെ രാവും പകലും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ആ ദൃശ്യങ്ങൾ തിരുത്തുവാനോ കൃത്രിമത്വം കാട്ടുവാനോ ആർക്കും സാധിക്കാത്തവിധം ഒറിജിനൽ റെക്കോർഡുകൾ തന്നെയാണ്. നമ്മുടെ നാട്ടിലെ പ്രമാദമായ പല കേസുകളിലും ദൃശ്യങ്ങൾ പകർത്തിയ മെമ്മറി കാർഡുകൾ കോടതിയുടെ പക്കൽനിന്നു പോലും അപഹരിക്കപ്പെടുകയോ കാണാതാവുകയോ അവയിൽ കൃത്രിമത്വം നടത്താൻ ശ്രമിക്കുകയോ ചെയ്യുന്ന സംഭവങ്ങൾ വാർത്തയാകാറുണ്ട്.

അമേരിക്കയിൽ ലൈംഗീക കുറ്റവാളിയായി ജയിലിൽ മരിച്ച ജെഫ്രി എപ്സ്റ്റീന്റെ കേസ് വലിയ കോളിളക്കം ഉണ്ടാക്കി. ഇപ്പോഴും അതിന്റെ നടപടികൾ പൂർത്തിയായിട്ടില്ല. ഇതേപ്പറ്റി മുമ്പ് ഒരു ലക്കത്തിൽ വിശദമായി സൂചിപ്പിച്ചിരുന്നു. ഉന്നത സ്വാധീനമുള്ള ജെഫ്രി എപ്സ്റ്റീൻ എന്നയാൾ പ്രായപൂർത്തിയാകാത്ത കൗമാരക്കാരായ പെൺകുട്ടികളെ വലയിൽപ്പെടുത്തി അവരെ ന്യൂയോർക്കിലെ മാൻഹാട്ടനിലുള്ള തന്റെ വസതിയിലും താൻ പിന്നീട് വിലയ്ക്ക് വാങ്ങിയ ലിറ്റിൽ സെന്റ് ജയിംസ് ദ്വീപിലെ റിസോർട്ടിലും എത്തിച്ച് പലർക്കും കാഴ്ചവച്ചു. തന്റെ റിസോർട്ടിലേക്ക് ഉല്ലാസത്തിനായി രാജകുടുംബാംഗങ്ങളും ശതകോടീശ്വരന്മാരും ഉൾപ്പെടെ വമ്പന്മാരെ ക്ഷണിച്ചുവരുത്തി, അവർക്ക് ആഘോഷിക്കാൻ വേണ്ടുന്നതെല്ലാം ക്രമീകരിച്ചിട്ട് അവരുടെ കിടപ്പറ രംഗങ്ങളും കുളിപ്പുര രംഗങ്ങളുമെല്ലാം രഹസ്യമായി വീഡിയോയിൽ പകർത്തി ഓരോന്നും പ്രത്യേകം സി.ഡി-കളിൽ സൂക്ഷിച്ചുവച്ചു. പിടിച്ചെടുത്ത രേഖകൾ ആകെ അറുപത് ലക്ഷം പേജുകൾ, ഒരുലക്ഷത്തി എൺപതിനായിരം ചിത്രങ്ങൾ, രണ്ടായിരം വീഡിയോകൾ ഉണ്ട്. ഇതിനോടകം അതിലെ മുപ്പത്തഞ്ച് ലക്ഷത്തിലധികം പേജുകൾ അമേരിക്കൻ നീതിന്യായ വകുപ്പ് പുറത്തുവിട്ടു. അതിൽ ബ്രിട്ടനിലെ ആൻഡ്രൂ രാജകുമാരൻ ഉൾപ്പെടെ ലോകം ആദരവോടെ കണ്ടിരുന്ന രാഷ്ട്രീയ രംഗത്തെ പല നേതാക്കൾ, ശാസ്ത്രലോകത്തെ അതികായന്മാർ, കമ്പ്യൂട്ടർ രംഗത്തെ വമ്പന്മാർ മുതലായവരുടെ പേരുകളും അമേരിക്കൻ പ്രസിഡന്റ് ഡൊണാൾഡ് ട്രമ്പ്, മുൻ പ്രസിഡന്റ് ബിൽ ക്ലിന്റൺ, ബിൽഗേറ്റ്സ് എലോൺ മസ്ക് മുതലായ സാമ്പത്തിക ഭീമന്മാരുൾപ്പെടെയുള്ളവരുടെ പേരുകളും ഉണ്ട്. പക്ഷേ, മറ്റ് പലരുടെ പേരുകളും കറുത്ത മഷികൊണ്ട് മായ്ച്ച ശേഷമാണ് കോടതി പുറത്തുവിട്ടിരിക്കുന്നത്! അത് ഇരകളുടെ സ്വകാര്യത സംരക്ഷിക്കാൻവേണ്ടിയാണെന്ന് പറയപ്പെടുന്നുണ്ട്. തങ്ങളുടെ പേര് ചിലയിടങ്ങളിൽ നിന്ന് മായിച്ചുകളയാൻ കോടതിയെപ്പോലും സ്വാധീനിക്കാൻ ശ്രമിക്കുന്നവർ തന്നെ മറ്റ് ചിലയിടങ്ങളിൽ തങ്ങളുടെ പേര് ചേർക്കുന്നതിനായി വലിയ തുക വഴിവിട്ട് ചിലവാക്കുന്നതിന് സന്നദ്ധരാകുന്നു.

ചിലരുടെ താല്പര്യങ്ങൾക്ക് അനുസരിച്ച് മാത്രമേ മറ്റുള്ളവർ ശബ്ദിക്കാവൂ എന്നത് ഒരു അധീശത്വ മനോഭാവമാണ്. ജനാധിപത്യ വ്യവസ്ഥിതിയിൽ അത് മനുഷ്യർക്കിടയിൽ സംഘർഷങ്ങൾ സൃഷ്ടിക്കാറുണ്ട്. ആ മനോഭാവം പരിഷ്കൃത സമൂഹത്തിന് തീർത്തും ചേരാത്തതാണ്. ഒരിക്കൽ യേശു ഒരു കഴുതക്കുട്ടിയുടെ പുറത്ത് കയറി യരൂശലേം ദൈവാലയത്തിലേക്ക് ചെല്ലുമ്പോൾ മുമ്പും പിമ്പും നടന്ന പുരുഷാരം: "ദാവീദ് പുത്രന് ഹോശന്നാ" എന്ന് പാടി. എന്നാൽ അത് കേട്ട മഹാപുരോഹിതന്മാരും പരീശപ്രമാണികളും നീരസം പൂണ്ട് യേശുവിനോട്, ആ പാടുന്ന ബാലന്മാരെ വിലക്കണമെന്ന് ആവശ്യപ്പെട്ടു. ആ കുട്ടികളും ശിഷ്യന്മാരും യേശുവിനെ മശീഹ ആയി കണക്കാക്കുകയും അത് വിളിച്ചുപറയുകയുമാണ് എന്ന് മഹാപുരോഹിതന്മാരും പരീശപ്രമാണികളും തിരിച്ചറിഞ്ഞു. അതുകൊണ്ടാണ് അവർ വിലക്കാൻ ശ്രമിച്ചത്. സാത്താനും അവന്റെ സേനകൾക്കും തീർത്തും ഇഷ്ടമില്ലാത്ത കാര്യമാണ് ജനങ്ങൾ യേശുവിനെ തിരിച്ചറിഞ്ഞ് മശീഹ ആയി അംഗീകരിക്കുന്നതും ആരാധിക്കുന്നതും. ഹോശാന പാടുന്നത് വിലക്കുവാൻ ആവശ്യപ്പെട്ടവരോട് ക്രിസ്തു പറഞ്ഞു: 'ഇവർ മിണ്ടാതിരുന്നാൽ കല്ലുകൾ ആർത്തുവിളിക്കും എന്ന് ഞാൻ നിങ്ങളോട് പറയുന്നു" (ലൂക്കോ. 19:40).

യേശുവിന്റെ നാമം വല്ലവിധേനയും ഉച്ചരിക്കാതെയാക്കുവാൻ പിശാച് അധികാരികളെ ഉപയോഗിച്ച് പരിശ്രമിക്കുന്നത് തിരുവെഴുത്തിൽ പലയിടത്തും കാണാം.

പത്രോസും യോഹന്നാനും ചേർന്ന് മുടന്തനെ സൗഖ്യമാക്കിയതിന്റെ പേരിൽ യഹൂദന്മാരുടെ കോടതി അവരെ വിസ്തരിച്ച്, യാതൊരു മനുഷ്യനോടും ഈ നാമത്തിൽ ഇനി സംസാരിക്കരുതെന്ന് തർജ്ജനം ചെയ്യാൻ തീരുമാനിച്ചു! യേശുവിന്റെ നാമത്തിൽ അശേഷം സംസാരിക്കരുത്, ഉപദേശിക്കയുമരുത് എന്ന് അവർ പത്രോസിനോടും യോഹന്നാനോടും കല്പിച്ചു. എന്നാൽ അവർ അതിന് മറുപടിയായി, "ദൈവത്തെക്കാളധികം നിങ്ങളെ അനുസരിക്കുന്നത് ദൈവമുമ്പാകെ ന്യായമോ എന്ന് വിധിപ്പിൻ. ഞങ്ങൾക്കോ, ഞങ്ങൾ കണ്ടും കേട്ടുമിരിക്കുന്നത് പ്രസ്താവിക്കാതിരിപ്പാൻ കഴിയുന്നതല്ല" (അപ്പോ. പ്ര. 4:17-20) എന്നത്രേ പറയുന്നത്.

ലോകമെങ്ങുമുള്ള സകല മനുഷ്യർക്കും രക്ഷാകരമായ നാമമാണ് യേശുവിന്റെ നാമം. ആകാശത്തിന് കീഴെ ഭൂമിക്കു മീതെ രക്ഷക്കായി വേറൊരു നാമവും ഇല്ല. എന്നാൽ അത് ഉച്ചരിക്കുന്നതിൽനിന്ന് ലോകത്തിലെ അനേകം രാജ്യങ്ങൾ വിലക്കുകൾ ഏർപ്പെടുത്താൻ ശ്രമിക്കുന്നു. *ഭൂരിപക്ഷത്തിന്റെ പിന്തുണയുടെ പിൻബലത്തിൽ ഒരു ജനതയെ മുഴുവനും യേശുവിനെ വിശ്വസിക്കുന്നതിൽനിന്നും വിളിച്ചപേക്ഷിക്കുന്നതിൽനിന്നും നിയമം മൂലം വിലക്കി, ജീവപര്യന്തമോ വധശിക്ഷയോ പോലത്തെ കൊടിയ ശിക്ഷകളും ഭീഷണിയും പ്രയോഗിച്ച് കൊന്നുതീർത്ത് മിണ്ടാതെയാക്കാമെന്ന് കരുതുന്നവരോട് യേശു പറയുന്നു: 'കല്ലുകൾ ആർത്തുവിളിക്കും!'* ദൈവത്തിന്റെ നിയമങ്ങൾക്കെതിരായി ദുഷ്ടത പ്രവർത്തിച്ചിട്ട് അവയെ മറച്ചുപിടിക്കാനും മായിച്ചുകളയാനുമായി സാക്ഷികളെയും ന്യായാധിപന്മാരുൾപ്പെടെയുള്ളവരെയും വകവരുത്തിയും പുറമെ മാന്യതയുടെ മുഖംമൂടിയണിഞ്ഞും ജീവിക്കുന്നവരോട് തിരുവെഴുത്ത് പറയുന്നു: "ചുവരിൽനിന്ന് കല്ല് നിലവിളിക്കുകയും മരപ്പണിയിൽനിന്ന് തുലാം ഉത്തരം പറയുകയും ചെയ്യുമല്ലോ!"

## അസംബ്ലീസ് ഓഫ് ഗോഡ് പാസ്റ്റർ ടി. ജെ. സാമുവേൽ സൂപ്രണ്ട്

*(1-ാം പേജ് തുടർച്ച)*

റ്റർ, ഉത്തർ മേഖല ഡയറക്ടർ എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. പുനലൂർ ബഥേൽ ബൈബിൾ കോളേജ്, ബാംഗ്ലൂർ എസ്.എ.ബി.സി, ബാംഗ്ലൂർ സെന്റ്. പീറ്റേഴ്സ് കോളേജ് എന്നിവിടങ്ങളിൽ നിന്നും വേദപഠനം പൂർത്തിയാക്കി. ഇളമ്പൽ സയോൺ എ ജി സഭയുടെ ശുശ്രൂഷകനാണ്.

സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ട പാസ്റ്റർ ജോസ് ടി. ജോർജ് എക്സിക്യൂട്ടീവ് കമ്മിറ്റിയിൽ പുതുമുഖമാണ്. നാല്പത്തിമൂന്ന് കാരനായ ജോസ് അടൂർ സെക്ഷൻ പ്രസ്ബിറ്ററാണ്. അടൂർ കുന്നുതറ എ.ജി സഭയിൽ 10 വർഷം സഭാ ശുശ്രൂഷകനായിരുന്നു. 14 വർഷമായി അടൂർ റിവൈവൽ എ ജി യിലും പാസ്റ്ററായി പ്രവർത്തിക്കുന്നു. സൗത്തിന്ത്യ എ.ജി. യൂത്ത് സെക്രട്ടറി, എ.ജി.മദ്ധ്യമേഖലാ സൺഡേ സ്കൂൾ കൺവീനർ, ഡിസ്ട്രിക്ട് സി.എ.പ്രസിഡൻറ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്.

## ദേശീയ ക്രിസ്ത്യൻ ക്ഷേമബോർഡിന് കേന്ദ്രനിക്കം

*(1-ാം പേജ് തുടർച്ച)*

നാ നിയന്ത്രണ നിയമം (എഫ്.സി.ആർ.എ.) ഭേദഗതി ചെയ്തശേഷം ക്ഷേമ ബോർഡ് രൂപവത്കരണത്തിലേക്ക് കടക്കാനാണ് സാധ്യത. എഫ്.സി.ആർ.എ. ഭേദഗതിപ്രകാരം, കണ്ടുകെട്ടുന്ന സ്വത്തുക്കൾ ക്ഷേമ ബോർഡിന് കീഴിലാക്കാൻ ആലോചനയുണ്ട്. ഒരു സംഘടനയുടെ എഫ്.സി.ആർ.എ. ലൈസൻസ് റദ്ദാക്കുകയോ കാലാവധി കഴിഞ്ഞ് പുതുക്കാതിരിക്കുകയോ ചെയ്താൽ വിദേശ ഫണ്ട് ഉപയോഗിച്ച് നിർമിച്ച കെട്ടിടങ്ങൾ സർക്കാരിന് ഏറ്റെടുക്കാമെന്നാണ് വ്യവസ്ഥ. ഇത്തരം സ്വത്തുക്കൾ നിയന്ത്രിക്കാനും പരിപാലിക്കാനും ഒരു പ്രത്യേക അതോറിറ്റിയെ നിയമിക്കുമെന്നും പറഞ്ഞിട്ടുണ്ട്. ഈ അതോറിറ്റി, പുതുതായി രൂപവത്കരിക്കുന്ന ക്ഷേമ ബോർഡ് ആയിരിക്കുമെന്നാണ് സൂചന. അതേസമയം, ക്രൈസ്തവ സഭകളുടെയും പുരോഹിതരുടെയും അവകാശങ്ങൾ കവരുന്നതാകും ബോർഡ് എന്ന വിമർശനമുയർന്നുകഴിഞ്ഞു. എഫ്.സി.ആർ.എ. ഭേദഗതിക്കു പിന്നാലെ ബോർഡ് രൂപവത്കരണത്തിനെതിരേയും ക്രൈസ്തവ വിഭാഗങ്ങൾ രംഗത്തുവന്നിട്ടുണ്ട്.

**തുമ്പമണ്ണിൽ വീട് വാടകയ്ക്ക്**

പന്തളം തുമ്പമൺ റൂട്ടിൽ ചക്കിട്ടടത്ത് മുക്കിൽ
എല്ലാ വിധ സൗകര്യങ്ങളോട് കൂടിയ
പുതിയ 4 BHK വീട് വാടകയ്ക്ക്.

ഫോൺ: 00965 66672263

RE LOCATE TO DALLAS FOR YOUR DREAM HOUSE !!!

CALL REALTOR
**MATHEW C. SAMUEL**

SFR, ABR, SRES, SRS, GRI, AHWD
469 258 8118 - cell
BEAM REAL , ESTATE LLC
14455 WEBB CHAPEL RD
DALLAS TX 75234



Tel: 9724846644, msamuel7@yahoo.com,
www.beamrealestate.com

**ചെന്നൈയിൽ മലയാളം ആരാധന**



Pastor. C.K. Reji

ചെന്നൈയിൽ പുതിയതായി വരുന്നവരെ
മലയാളം ആരാധനയിലേക്ക് സ്വാഗതം ചെയ്യുന്നു.
സ്ഥലം Chromepet, Airport നും Tambaram ത്തിനും
നടുക്ക് Church of God (Full Gospel)
In India No: 25/2 New colony 13th cross street
Chromepet Chennai - 44

SUNDAY CLASS 9- 10 AM
MALAYALAM WORSHIP 10 AM - 12.30 PM

Phone - 22411060, Mob: 9382599333

*MM52/26* Pentecostal boy, 26, (March 1999), 183cm, Msc International Business Management with Project Management - Kingston University London. B.Com. Kristu Jyoti College Changanacherry. Current Profession: Team Leader@No1 Lounges Ltd, Heathrow Airport London. With prayers and God's guidance, our family is looking for God fearing, educated, baptized Pentecost girl who is warm-hearted, understanding, positive and rooted in Christian faith. Preference for someone settled or working abroad.

**Phone father: +919447008566**
**Mother: +919446867777**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM51/26* ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 28 വയസ്സ്, 153 സെ.മീ. ഉയരം. ഡി. എം.എൽ. റ്റി., ലാബ്ടെക്നീഷ്യനായി ജോലി. സ്വദേശത്തോ വിദേശത്തോ ജോലിയുള്ള യുവാക്കളുടെ മാതാപിതാക്കളിൽനിന്നും അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8301892407, 8330814516**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM50/26* യു.എ.ഇയിൽ ഫാർമസിസ്റ്റായി ജോലിയുള്ള, ഹൈന്ദവ പശ്ചാത്തലത്തിൽ നിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവതി. 30 വയസ്സ്, 158 സെ.മീ. ഉയരം. ബി.ഫാം. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു. വിദേശത്ത് ജോലി യുള്ളവർക്ക് മുൻഗണന.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

**തിരുവല്ലായിൽ വസ്തു വിൽപ്പനയ്ക്ക്**

തിരുവല്ലയിൽ നിന്നും 4.5 കി. മീ. മനയ്ക്കച്ചിറ അടുത്ത് ഹൗസ് പ്ലോട്ടുകൾ കുറഞ്ഞ വിലയിൽ വിൽപ്പനയ്ക്ക്. ആവശ്യക്കാർക്ക് ബഡ്ജറ്റ് അനുസരിച്ചു വീടുകൾ ചെയ്തു തരുന്നതാണ്

മൊബൈൽ:
**90745 07029**

*MM49/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born again, god fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM48/26* മധ്യ തിരുവിതാംകൂറിലെ സ്വകാര്യ മെഡിക്കൽ കോളജ് ആശുപത്രിയിൽ ഡോക്ടറായി പ്രാക്റ്റീസ് ചെയ്യുന്ന ചേരമർ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി. 26 വയസ്സ്, 5',3' ഉയരം. എം.ബി.ബി.എസ്. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**8921587858**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM47/26* നായർ സമുദായത്തിൽനിന്നും പെന്തെക്കോസ്ത് വിശ്വാസം സ്വീകരിച്ച യുവാവ്. 35 വയസ്. പുനർവിവാഹം. 170 സെ.മീ. ഉയരം. മാൾട്ടയിൽ എൻജിനിയറിംഗ് ടെക്നീഷ്യൻ. അനുയോജ്യമായ വിവാഹാലോചനകൾ ക്ഷണിക്കുന്നു.

**9645681023, 7025423796**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM46/26* Syrian Christian Pentacostal parents invite proposals for their daughter, brought up in Delhi NCR (born on 28th August 1999, 5.3 feet tall) who is currently employed in Pune. She has acquired her MBA from Christ University and B.Com from Delhi University. Seeking a born-again, god-fearing, professionally qualified and employed boy (preferably outside Kerala) with strong ethical and spiritual values rooted in Christ. If interested, kindly contact:

**9582005717, 8800204684**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM45/26* Upper-middle-class Syrian Christian Pentecostal parents invite proposals for their son, Dob: 03/09/1988, 165 cm B. Tech (CS). Currently an IT Manager at Consumerfed, Ernakulam. The groom has a fair complexion, belongs to the Church of God and hails from Konni. He is looking for a God-fearing, baptized, educated, and family-oriented bride.

**Ph. +919495026157**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM44/25* Pentecostal parents invite proposal for our daughter (Minimal Ornament Wearing) 29 years, 5' 1", 13/3/1996. Professional qualifications-




Masters in Development studies and Bachelor's in social work. Presently working in Bangalore. Parents of God fearing, professionally qualified and employed boys, in India or abroad please contact by phone

**WhatsApp +9181130 34181 or email ptk0371@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM42/25* Syrian Chrstian Pentacostal girl 36, 5"2" (20.4.1989) M.Sc Nurse working (associate professor) seeking suitable alliance

**Ph: 7025528037**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM41/25* Syrian Christian Pentecostals parents from Chennai, invite proposal for their son, 25 (January 2000), 182 cm, B E from Anna University, MBA (University of East London) Currently working at NHS Barts Health as Maternity Admin, UK. Seeking suitable alliance from parents of spiritual and educated girls in India or abroad.

**Ph: 9444951080, 9382599333**
**ckreji@gmail.com, ckreji@hotmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM40/25* Syrian Christian Pentecostal parents (Govt. Employed) invite suitable proposals for their daughter, 26,(DOB-28/12/1998), 167cm, fair, MA(Eng. Lit), B Ed. and presently pursuing Bank/ Govt.tests,from parents of employed Pentecost boys.

**Mob-9446909546, 9400751030.**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM38/25* പെന്തെക്കോസ്തു വിശ്വാസിയായ മിശ്രവിവാഹിതരുടെ മകൾ 27 വയസ്സ്. M.Com (M. N.C. Deloit Hydarabad) അനുയോജ്യമായ വിവാഹാലോചനകൾ രക്ഷിതാക്കളിൽ നിന്ന് ക്ഷണിച്ചുകൊള്ളുന്നു.

**Ph: 9447579497, 9447863308**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM37/25* Syrian Christian Pentecostals parents from Kozhanchery, invite proposal for their son 34, 178cm, MSc Biotechnology, working at Bangalore. Innocent divorcee. Seeking suitable alliance from spiritual and educated girls from India or abroad.

**Ph. +91 98471 86700, 9656223322, 8281150000**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM36/25* Syrian Christian Pentacostal parents, Kottayam, invite proposal for there son 28, DOB 11-2-1997. 170cm. Completed Bachelors and currently working as Automobile Diagnostic Technician at Kottayam. Seeking Suitable alliances from Spiritual and Professional qualified girls from India or Abroad.

**Ph: 6238231410**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MM28/25 Associate Pastor& Worship Leader (Nadar Christian) 26 Years (09.04.1999), 6.1. Proposal invited from parents of suitable girls.

**Ph: 8943619818**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM15/25* Pentecostal boy, 6 March 1993, 180cm, Masters of Engineering in Engineering Management, born and brought up in gulf, born again, baptized and God fearing, schooling in a British curriculum International school Dubai, working as a senior Application engineer and is based in Dubai. Looking for a born again, baptised, non ornamental, God fearing, Pentecostal girl.

**+971529165874**
**usha25elizabeth@gmail.com**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM18/25* ക്രിസ്ത്യൻ പെന്തെക്കോസ്തു യുവാവ് (Age 42, Hight 179, B.A Sociology, B.Th, Dip. Mission., BA. in Ministry) ജോലിയോടൊപ്പം ജീവകാരുണ്യ പ്രവർത്തനവും സുവിശേഷ പ്രവർത്തനവും നടത്തുന്നു. സ്വദേശത്തോ വിദേശത്തോ ജോലിയുള്ളതും ഇല്ലാത്തതുമായ അനുയോജ്യമായ പെൺകുട്ടികളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിക്കുന്നു. ബാധ്യത ഇല്ലാത്ത പുനർവിവാഹവും പരിഗണിക്കും.

**9847683343**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM19/25* Syrian Christian Pentecostal Parents Invite Proposal For Their Son.DOB. 22.9.1995. 170 c.m MBBS, Doctor. Currently Working as a Resident Medical Officer At Private Hospital. Prayerfully Seeking Suitable Alliances From Spiritual And Professional Qualified Girls From India or Abroad.

**Ph: 918547317844, 9446977844**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM20/25* Christian pentecostal (syrian) parents are inviting proposal for their daughter, who is God-fearing, born again, baptized girl (27 / 159 cm / B.Tech, MBA) currently working as Technology Analyst/Functional consultant, MNC project in Europe. Seeking suitable proposals from parents of God fearing, spiritual, and professionally qualified boys preferably abroad. Please respond with photos and details to our whatsapp number

**Ph: 9567695887, +965 6908 9839**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM21/25* ഓർത്തഡോക്സ് യുവാവ്, 11-07-1989, 5.8, 65 kg, White, ITA, Aluminium Fabrication, ഷാർജയിൽ ജോലി ചെയ്യുന്നു. അനുയോജ്യരായ യുവതികളുടെ മാതാപിതാക്കളിൽ നിന്നും വിവാഹാലോചനകൾ ക്ഷണിച്ചു കൊള്ളുന്നു.

**9491153615 (Whatsapp)**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM23/25* Missionary calling girl US citizen DOB 11/2001 graduating from University July 2025 Bachelor of science in Healthcare Administration, born in Kerala and raise up in Middle East, migrated to US 2018. Looking for a suitable boy with Missionary calling. Preference those who have taken Vision school or working for Mission organizations like Intercp International, Ywam, OM etc. Please forward the resume with Picture to whatsapp :

**Ph: + 1 8325745019**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM24/25* Syrian Christian Pentecostal (TPM) parents invite proposals for their daughter, 19.11.-1998, 154cm, Doctor (MBBS.MD. STUDIED AT TBILISI (GEORGIA). Seeking alliance from parents of born again and qualified boys.

**+919495077771,+971506469508, +971561844937**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

*MM25/25* സിറിയൻ ക്രിസ്ത്യൻ പെന്തെക്കോസ്ത് യുവതി 35 (21/03/1990), 165 cm, 75 kg, B.Sc Nurse, സൗദി അറേബ്യയിലെ റിയാദിൽ സ്റ്റാഫ് നേഴ്സായി ജോലി ചെയ്യുന്നു. ഇൻഡി പെൻഡൻസ് സഭാംഗമാണ്. ആഭരണം ധരിക്കും.

**Ph: 91 96567 51020**

❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖❖

MARUPPACHA
Samakalika Pathrika
Planthottam Complex
Tiruvalla - 689 101
www.maruppacha.com

മരുപ്പച്ച
സമകാലിക പത്രിക
ഏപ്രിൽ 20, 2026

REGISTERED NEWSPAPER
R N I Reg No. 67619/97
Postal Reg. No.**KL/TLA/100/2025-27**
License No. **KL/TLA/WPP/116/2025-27**
Date of Publication 20 - 04 - 2026

അപ്പൊസ്തലന്മാരുടെ പാദങ്ങൾ പതിഞ്ഞ ദീപുകളിലൂടെ സഞ്ചാരം!

ക്രേത്ത – കുപ്രോസ് – മെലിത്ത
CRETE – CYPRUS – MALTA

9 പകലുകൾ
8 രാത്രികൾ

- അപ്പോസ്തലനായ പൗലോസിന്റെ മിഷനറി സഞ്ചാരപഥം.
- വിശുദ്ധന്മാരായ മർക്കോസ്,
- ബർന്നബാസ്, ലാസർ,
- തിമോഥി, തീത്തോസ് തുടങ്ങിയവരുടെ പ്രേഷിത ഭൂമിക!
- ആദിമ വിശുദ്ധന്മാരുടെ ദീപുകൾ
- പുതിയ നിയമത്തിലെ ദീപുകൾ



the Olive Way TOURS

91 9961720195
9961103983
olivewaytours@yahoo.com

Shaji Samuel
CPA



shajisamuel.cpa
info@shajisamuel.cpa

Shaji Samuel, CPA

Company & Personal Tax Returns
Bookkeeping & Payroll Services
Business Formation
IRS Representation & Tax Planning
Medicare & Medicaid Cost Reports

2435 N Central Expy, Ste 1277
Richardson, TX 75080
+1 469 782 4423





Explore

CHINA
HONG KONG &
MACAU

12 NIGHTS 13 DAYS

the Olive Way TOURS
+1 914 349 3978, 9961720195
olivewaytours@yahoo.com




Golden Age Of Spices And Trade

6രാത്രികൾ
7പകലുകൾ

കേരള
ജൂത-ക്രിസ്ത്യൻ
ഹെറിറ്റേജ് ടൂർ
തോമാ ശ്ലീഹായുടെ സഞ്ചാരപഥത്തിലൂടെ

EZHARAPPALLIKAL
- MALIANKARA
- PALAYOOR
- KOKKAMANGALAM
- KOTTAKKAVU
- NIRANAM
- KOLLAM
- NILACKAL
- ARAPPALLI

Melting pot of world cultures
Muziris Pattanam

Romans-Jews And Christians Of 1st Century A.D.

സവിശേഷതകൾ
- പ്രാചീന കാലത്തെ ചരിത്രമുറങ്ങുന്ന ക്രൈസ്തവ ദേവാലയങ്ങൾ, ജൂതപള്ളികൾ
- പുരാവസ്തുവിദ്യാന്വേഷണം നടക്കുന്ന പ്രദേശങ്ങൾ
- ദൈവാരാധനയ്ക്കായി പ്രത്യേകം പായ്ക്കപ്പലുകൾ
- എല്ലാ യാത്രകൾക്കും സൈഡ് സീയിംഗിനും എയർകണ്ടീഷൻ ചെയ്ത വാഹനങ്ങൾ
- ഡൈനിന്റെ സേവനം.
- കൂടാതെ, ബോട്ട് യാത്രകൾ, വനത്തിലൂടെയുള്ള ഉല്ലാസയാത്രകൾ മുതലായ മറ്റ് അനേകം സവിശേഷതകൾ.
- ലക്ഷ്വറി ഹോട്ടലുകളിൽ താമസം. • മുന്ന് നേരവും ഭക്ഷണം.

വിശുദ്ധ തോമാശ്ലീഹാ സ്ഥാപിച്ചതെന്ന് കരുതപ്പെടുന്ന ഏഴര പള്ളികളായ മാലുങ്കര, പാലയൂർ, കോക്കമംഗലം, കോട്ടക്കാവ്, നിരണം, കൊല്ലം, നിലയ്ക്കൽ, തിരുവിതാംകോട് എന്നിവിടങ്ങൾ

HIGHLIGHTS
- EARLY CHURCHES
- SYNEGOGUES
- ARCHEOLOGICAL SITES
- BEACHES
- FOREST AND MORE....

the Olive Way TOURS
olivewaytours@yahoo.com
+91-99617-20195
+91-99611-03983

Printed, published and owned by Achenkunju Elanthoor, Planthottam Complex, Tiruvalla-1. Printed at MGM Offset Press, Kottayam,
Published at Planthottam Complex, Tiruvalla-1 Editor : Achenkunju Elanthoor.